രാജ്യാന്തര ചലച്ചിത്രമേളകൾ പ്രേക്ഷക പങ്കാളിത്തവും തിയേറ്റർ കോംപ്ലക്സ് നിർമ്മാണവും

321 (2196) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യാന്തര ചലച്ചിത്രമേളകളിലെ പ്രേക്ഷക പങ്കാളിത്തം നിയന്ത്രിക്കുന്നതിന് ശ്രമിക്കുകയുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രേക്ഷക പങ്കാളിത്തം നിയന്ത്രിക്കുന്നതിന് പകരം വിപുലമായ രീതിയിൽ മേള സംഘടിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത മേളയുമായി ബന്ധപ്പെട്ട് തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ;

(ഡി) എങ്കിൽ ആയതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിപുലമായ രീതിയിൽ മേള സംഘടിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) തിയേറ്റർ കോംപ്ലക്സിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.

2014-ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ

322 (2197) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനുവേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുതിയ എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടു വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ;

(സി) ഐ..എഫ്.എഫ്.കെ 2013-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനു വേണ്ടി 2,25,00,000 (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ) പ്ലാൻ ഫണ്ടിലും 50,00,000 (അൻപത് ലക്ഷം രൂപ) നോൺപ്ലാൻ ഫണ്ടിലും വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഫെസ്റ്റിവൽ സിനിമ കാണുന്നതിന് ഡെലിഗേറ്റുകൾ തിയേറ്ററുകളിൽ നിന്ന് സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. പ്രസ്തുത ടിക്കറ്റുകളുടെ അടിസ്ഥാനത്തിലായിരിക്കും തിയേറ്ററുകളിൽ പ്രവേശനം.

(സി&ഡി) ഐ.എഫ്.എഫ്.കെ. 2013-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അഞ്ച് കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർണ്ണമായ ചെലവുകൾ ചലച്ചിത്ര അക്കാദമിയിലെ ഇന്റേണൽ ഓഡിറ്റ് തീരുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. ഷെഡ്യൂളിന് ആനുപാതികമായി ബസുകൾ

323 (2198) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഷെഡ്യൂളിന് ആനുപാതികമായി എത്ര ബസുകൾ ആവശ്യമുണ്ടെന്നും എത്ര ബസുകളുടെ കുറവ് നിലവിലുണ്ടെന്നും ഡിപ്പോ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഷെഡ്യൂളിന് ആനുപാതികമായി ബസുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 5668 ഷെഡ്യൂളുകളാണുള്ളത്. ഈ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്റ്റെയർ ബസുകൾ ഉൾപ്പെടെ 6365 ബസുകൾ ആവശ്യമാണ്. നിലവിൽ 5603 ബസുകളാണുള്ളത്. ഇപ്പോൾ 762 ബസുകളുടെ കുറവ് ഉണ്ട്. ഡിപ്പോ അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിൽ 320 JnNURM പദ്ധതിയിൽപ്പെട്ട ബസുകൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 1500 പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ബസുകളുടെ ബോഡി നിർമ്മാണം വിവിധ കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ നടന്നുവരുന്നു. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകളുടെ കുറവ് പരിഹരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.